4. 2003-ലെ കേരള മൂല്യ വർദ്ധിത നികുതി ബിൽ എന്നിവ പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചിട്ടുള്ളതും ആയത് അനുമതിയോടുകൂടി മടക്കി ലഭിച്ചിട്ടില്ലാത്തതുമാണ്.

(സി) നിയമവകുപ്പിൽ നിന്നും യാതൊരു ബില്ലും അയച്ചിട്ടില്ല.

(ഡി) ബാധകമല്ല.

സ്റ്റാറ്റ്യൂട്ട് ബുക്കിലെ നിയമങ്ങൾ

35 [1329] ശ്രീ. എം. പി. ഗംഗാധരൻ:
,, കെ. മുഹമ്മദാലി:
,, അടൂർ പ്രകാശ്:
പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്റ്റാറ്റ്യൂട്ട് ബുക്കിലുള്ള ഏതെല്ലാം നിയമങ്ങൾ നടപ്പാക്കാതെയുണ്ട് എന്നും ഏതെല്ലാം ഭാഗികമായി നടപ്പാക്കാതെയുണ്ട് എന്നും അറിയിക്കുമോ;

(ബി) ഇവ നടപ്പാക്കാതിരിക്കുന്നതിനും ഭാഗികമായി മാത്രം നടപ്പാക്കുന്നതിനും ഉള്ള കാരണങ്ങൾ എന്ത് എന്ന് വ്യക്തമാക്കാമോ;

(സി) ചട്ടങ്ങൾ നിർമ്മിക്കാൻ കഴിയാതെ വന്നിട്ടുള്ള ഏതെങ്കിലും നിയമങ്ങൾ നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

നോട്ടറീസ് ചട്ടങ്ങളിലെ ഭേദഗതി

36 [1330] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടറീസ് ചട്ടങ്ങളിൽ കേന്ദ്രസർക്കാർ വരുത്തിയ ഭേദഗതി സംസ്ഥാനത്തെ നോട്ടറിമാരെ എപ്രകാരമാണ് ബാധിക്കുക എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര നോട്ടറിമാരാണുള്ളത്;

(സി) പുതിയ ചട്ടപ്രകാരം എത്ര നോട്ടറിമാരാണ് അധികമുള്ളതായി കണക്കാക്കിയിട്ടുള്ളതെന്നറിയാമോ;

(ഡി) അധികമുള്ള നോട്ടറിമാരെ പിരിച്ചുവിടുന്നത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശം കേന്ദ്രത്തിൽനിന്ന് ലഭിച്ചിട്ടുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 9-5-2001-ൽ കേന്ദ്ര സർക്കാർ നോട്ടറി ചട്ടം ഭേദഗതി വരുത്തി കേരള സംസ്ഥാനത്ത് റിന്യൂവൽ ഉൾപ്പെടെ നിയമിക്കാവുന്ന നോട്ടറിമാരുടെ എണ്ണം 375 ആയി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിയമം അന്ന് നിലവിലുള്ള നോട്ടറിമാർക്ക് അവരുടെ നിയമന കാലാവധി അവസാനിക്കുന്നതുവരെ തുടരുന്നതിന് ബാധകമല്ല.

(ബി) സംസ്ഥാനത്ത് ഇപ്പോൾ 787 നോട്ടറിമാരുണ്ട്.

(സി) 412 നോട്ടറിമാരാണ് അധികമായിട്ടുള്ളത്.

(ഡി) അധികമുള്ള നോട്ടറിമാരെ പിരിച്ചുവിടുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശം ഒന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല. എന്നാൽ കാട്ടയിൽ കൂടുതലായി നോട്ടറിമാരെ നിയമിക്കരുതെന്ന് നിർദ്ദേശം ഉണ്ടായിരുന്നു. കൂടാതെ സംസ്ഥാന സർക്കാർ നിയമിച്ച നോട്ടറിമാരെ കേന്ദ്ര സർക്കാരിന് പിരിച്ചുവിടത്തക്ക രീതിയിൽ നോട്ടറി നിയമം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്രസർക്കാർ അറിയിച്ചിരുന്നു.

(ഇ) നോട്ടറി നിയമം സമവർത്തി ലിസ്റ്റിൽപ്പെടുന്ന നിയമമാകയാൽ സംസ്ഥാന സർക്കാരിനെ അറിയിക്കാതെ നിയമ ഭേദഗതി നടത്തിയത് ശരിയല്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോട്ടറിമാരുടെ സേവനം കൂടുതൽ ആവശ്യമുള്ള സംസ്ഥാനം കേരളമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നിശ്ചയിച്ച എണ്ണം കുറവാണ്. ഇത് കുറഞ്ഞത്, 1000 ആയി കൂട്ടണം. ആയതിനാൽ കേരള സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ മതിയായത്ര നോട്ടറിമാരെ നിയമിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് നിയമിക്കാവുന്ന നോട്ടറിമാരുടെ എണ്ണം വർദ്ധിപ്പിച്ചുനൽകാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly